**15 -ാം കേരള നിയമസഭ**

**5 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1667** | **05-07-2022 - ൽ മറുപടിയ്ക്ക്**

**ജ്ഞാന സമൂഹ നിർമ്മിതി**

<table>
<tr><th colspan="2">ചോദ്യം</th><th colspan="2">ഉത്തരം</th></tr>
<tr><td colspan="2">ഡോ.കെ.ടി.ജലീൽ,<br>ശ്രീ. കെ.എം.സച്ചിൻദേവ്,<br>ഡോ സുജിത് വിജയൻപിള്ള,<br>ശ്രീ. ലിന്റോ ജോസഫ്</td><td colspan="2">ഡോ. ആർ ബിന്ദു<br>(ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പ് മന്ത്രി)</td></tr>
<tr><td>(എ)</td><td>സംസ്ഥാനത്ത് സാമൂഹ്യനീതിയിൽ അധിഷ്ഠിതമായി ജ്ഞാന സമൂഹ നിർമ്മിതി എന്ന പ്രഖ്യാപിത ലക്ഷ്യം കൈവരിക്കുന്നതിന് ഈ സർക്കാർ ഇതുവരെ തുടക്കം കുറിച്ച പ്രവർത്തനങ്ങൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കാമോ ;</td><td>(എ)</td><td>സംസ്ഥാനത്ത് സാമൂഹ്യനീതിയിൽ അധിഷ്ഠിതമായി ജ്ഞാന സമൂഹ നിർമ്മിതി എന്ന പ്രഖ്യാപിത ലക്ഷ്യം കൈവരിക്കുന്നതിന് ഈ സർക്കാർ തുടക്കം കുറിച്ച പ്രവർത്തനങ്ങൾ ചുവടെപ്പറയുന്നവയാണ്:<br><br>1. <u>കേരള അക്കാദമിക് ലൈബ്രറി നെറ്റ് വർക്ക് (കാൾനെറ്റ്):-</u> കേരള സംസ്ഥാന ഉന്നത വിദ്യാഭ്യാസ കൗൺസിലിന്റെ നേതൃത്വത്തിൽ സംസ്ഥാനത്തെ സർവകലാശാല ലൈബ്രറികൾ കൂട്ടിയിണക്കി സംസ്ഥാനതലത്തിൽ കേരള അക്കാദമിക് ലൈബ്രറി നെറ്റ്വർക്ക് (Kerala Academic Library Network - KALNET) പ്രവർത്തനം ആരംഭിച്ചു. ഉന്നത വിദ്യാഭ്യാസ മേഖലയിലെ ലൈബ്രറികളുടെ നെറ്റ് വർക്ക് പ്രാവർത്തികമാകുന്നതോടെ വിജ്ഞാന വിഭവങ്ങളുടെ വിതരണം കൂടുതൽ ഫലപ്രദവും വേഗത്തിലുമാകും. ഇത് പഠന ഗവേഷണ പ്രവർത്തനങ്ങൾക്ക് കൂടുതൽ ഉണർവ് നൽകാൻ സഹായകരമാകും.<br>2. <u>സംസ്ഥാനതല ഈ-ജേർണൽ കൺസോർഷ്യം:-</u> സംസ്ഥാനത്തെ എല്ലാ സർവ്വകലാശാലകൾക്കും/ഉന്നത വിദ്യാഭ്യാസ സ്ഥാപനങ്ങൾക്കും ഗവേഷണ പ്രവർത്തനത്തിനും മറ്റും അനിവാര്യമായ ഈ-ജേർണൽ വിഭവങ്ങൾ പ്രദാനം ചെയ്യുന്നതിന് സംസ്ഥാനതല ഈ-ജേർണൽ കൺസോർഷ്യം (State Level E-Journal Consortium) പ്രവർത്തനക്ഷമമാകും. പ്രമുഖ പ്രസാധകരുമായി കരാർ ഉണ്ടാക്കാനുള്ള നടപടികൾസ്വീകരിക്കുന്നുണ്ട്.</td></tr>
</table>

3. **DIGICOL (കോളേജുകൾക്ക് ലേർണിംഗ് മാനേജ്മെന്റ് സിസ്റ്റം):** കേരളത്തിലെ എല്ലാ ഉന്നത വിദ്യാഭ്യാസ സ്ഥാപനങ്ങളിലും ഡിജിറ്റൽ വിദ്യാഭ്യാസത്തിന് സൗകര്യം ഒരുക്കാൻ ഉദ്ദേശിച്ചുകൊണ്ട് ഉന്നത വിദ്യാഭ്യാസ കൗൺസിലും ഡിജിറ്റൽ സർവ്വകലാശാലയും സംയുക്തമായി ആവിഷ്കരിച്ച പദ്ധതിയാണ് ഡിജിറ്റൽ എനേബിൾമെന്റ് ഓഫ് ഹയർ എഡ്യൂക്കേഷൻ ഇൻസ്റ്റിറ്റ്യൂഷൻസ് ഇൻ കേരള (Digital Enablement of Higher Education Institutions in Kerala) (Let's go digital പദ്ധതി).
4. **ആൾ കേരള ഹയർ എഡ്യൂക്കേഷൻ സർവ്വെ :-** ഉന്നത വിദ്യാഭ്യാസ മേഖലയുടെ സമഗ്രമായ വിവരശേഖരണം ലക്ഷ്യമിട്ട്, സംസ്ഥാനത്ത് കേരള സംസ്ഥാന ഉന്നത വിദ്യാഭ്യാസ കൗൺസിലിന്റെ ആഭിമുഖ്യത്തിൽ ഓൺലൈൻ സർവ്വേ ആരംഭിച്ചിട്ടുണ്ട്.
5. **ഔട്ട്കം ബെയ്സ്ഡ് എഡ്യൂക്കേഷനും (OBE) ഗ്രാജ്യുവേറ്റ് ആട്രിബ്യൂട്ടുകൾക്കും (GA) ഊന്നൽ നല്കിക്കൊണ്ടുള്ള കരിക്കുലം പരിഷ്കരണം.**
6. **ഫാക്കൽറ്റി ഡെവലപ്മെൻറ് സെൻറർ (FDC):-** ഉന്നത വിദ്യാഭ്യാസ മേഖലയിൽ മികച്ച അദ്ധ്യാപകരെ വാർത്തെടുക്കുക എന്ന ലക്ഷ്യത്തോടെ ഉന്നത വിദ്യാഭ്യാസ കൗൺസിലിന് കീഴിൽ ഫാക്കൽറ്റി ഡെവലപ്മെൻറ് സെൻറർ ആരംഭിച്ചിട്ടുണ്ട്. Humanities & Social Science, Science, Commerce and Management എന്നീ സ്ട്രീമുകളിൽ അദ്ധ്യാപകർക്കായി ഫാക്കൽറ്റി ഡെവലപ്മെൻറ് സെന്റർ മുഖേന പരിശീലനം സംഘടിപ്പിക്കുന്നുണ്ട്.
7. **സാക്ക് (SAAC-State Assessment & Accreditation Centre)-** സംസ്ഥാനത്തെ സർവ്വകലാശാലകളെയും കോളേജുകളെയും ഔപചാരികമായി വിലയിരുത്തുക എന്ന ലക്ഷ്യത്തോടെ ഉന്നത വിദ്യാഭ്യാസ കൗൺസിലിന് കീഴിൽ അസ്സസ്മെൻറ് ആൻറ് അക്രഡിറ്റേഷൻ സെന്ററർ ആരംഭിച്ചിട്ടുണ്ട്.
8. **മുഖ്യമന്ത്രിയുടെ നവകേരള പോസ്റ്റ് ഡോക്ടറൽ ഫെലോഷിപ്പ് :-**പോസ്റ്റ് ഡോക്ടറൽ ഗവേഷണത്തിൽ ഏർപ്പെട്ടിരിക്കുന്ന

വിദ്യാർത്ഥികൾക്ക് അംഗീകാരവും പ്രോത്സാഹനവും നൽകാൻ ഉദ്ദേശിച്ചിട്ടുള്ളത്.

9. **<u>കൈരളി ഗവേഷണ പുരസ്കാരങ്ങൾ:-</u>** ഗവേഷണരംഗത്ത് മികവ് കാട്ടുന്ന കേരളീയർക്ക് അംഗീകാരവും പ്രോത്സാഹനവും നൽകാൻ സംസ്ഥാന സർക്കാർ ഏർപ്പെടുത്തിയിരിക്കുന്നതാണ് കൈരളി റിസേർച്ച് അവാർഡുകൾ.

10. **<u>ചാൻസിലേഴ്സ് അവാർഡ്:-</u>** ബഹു.കേരളാ ഗവർണർ മുൻകൈയ്യെടുത്ത് ഏർപ്പെടുത്തിയിട്ടുള്ള അവാർഡാണിത്. നിലവിൽ രണ്ട് വിഭാഗങ്ങളിലായാണ് അവാർഡ് നൽകുന്നത്. സ്ഥാപിതമായി 12 വർഷം കഴിയാത്ത സർവകലാശാലകളെ "Emerging and Young Universities" എന്ന വിഭാഗത്തിൽ ഉൾപ്പെടുത്തി 1 കോടി രൂപയും അല്ലാത്തവയ്ക്ക് 5 കോടി രൂപയുമാണ് അവാർഡായി നൽകുന്നത്.

11. **<u>ബ്രെയിൻ ഗെയിൻ പദ്ധതി :-</u>** കേരളത്തിന് പുറത്ത് വിവിധ മേഖലകളിൽ പ്രവർത്തിക്കുന്ന പ്രഗത്ഭരായ വ്യക്തികളുടെ വിജ്ഞാന സമ്പത്ത് സംസ്ഥാനത്തിന്റെ ഉന്നത വിദ്യാഭ്യാസ രംഗത്ത് പ്രയോജനപ്പെടുത്തുക എന്ന ലക്ഷ്യത്തോടെയുള്ളതാണ് ഈ പദ്ധതി. കേരള സംസ്ഥാന ഉന്നത വിദ്യാഭ്യാസ കൗൺസിൽ മുഖേന ഇതിനായി വിവരശേഖരണത്തിന് തുടക്കം കുറിക്കുന്നു. വിദേശത്തുള്ള സർവ്വകലാശാലകളിലെയും ഗവേഷണ സ്ഥാപനങ്ങളിലെയും ശാസ്ത്രജ്ഞർ, സാമൂഹിക ശാസ്ത്രജ്ഞർ, മെഡിക്കൽ പ്രൊഫഷണലുകൾ, ടെക്നോക്രാറ്റുകൾ/ ബഹുരാഷ്ട്ര സ്ഥാപനങ്ങളുടെ സി.ഇ.ഒ.മാർ, സാമ്പത്തിക വിദഗ്ധർ, പരിസ്ഥിതി/ ബയോകെമിസ്ട്രി/ സുസ്ഥിരത/ പ്രതിബ ദ്ധത/ ദുരന്തമാനേജ്മെൻറ് മേഖലകളിൽ പ്രവർത്തിക്കുന്ന പ്രശസ്തരായവരുടെ വിശദാംശങ്ങൾ ഈ ഡാറ്റാബേസിൽ ഉൾപ്പെടുന്നു.

12. **<u>ട്രാൻസ്ലേഷണൽ റിസർച്ച് സെൻററുകൾ:-</u>** ഉന്നത വിദ്യാഭ്യാസ സ്ഥാപനങ്ങളിലെ ഗവേഷണ കണ്ടെത്ത ലുകൾ നാടിന്റെ ഉല്പാദന മേഖലയ്ക്ക് ഗുണകരമാകുന്ന തരത്തിൽ ഉപയോഗി ക്കപ്പെടണം. അക്കാദമിക് വൃത്തത്തിൽ ചുരുങ്ങി നിൽക്കാതെ

| | | | |
|---|---|---|---|
| | | | പ്രായോഗിക ജീവിതത്തിന് ഗുണപ്പെടുന്ന തരത്തിൽ ഉന്നത വിദ്യാഭ്യാസ മേഖല മാറ്റുന്നതിന് ഉദ്ദേശിച്ചിട്ടുള്ളവയാണ് ഇവ.<br>13. **<u>സെന്റേഴ്സ് ഓഫ് എക്സലൻസ്:-</u>** സംസ്ഥാനത്തെ ഉന്നത വിദ്യാഭ്യാസ സ്ഥാപനങ്ങളുടെ നിലവാരം ഉയർത്തുന്നതിന്റെ ഭാഗമായി സർവ്വകലാശാലകൾക്കുള്ളിൽ മികവിന്റെ കേന്ദ്രങ്ങൾ സ്ഥാപിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. |
| (ബി) | സാമ്പത്തികമായി പിന്നാക്കം നിൽക്കുന്ന ആയിരം വിദ്യാർത്ഥികൾക്ക് ഒരു ലക്ഷം രൂപ വീതം പ്രതിഭാപുരസ്കാരമായി നൽകുമെന്ന പ്രഖ്യാപനം യാഥാർത്ഥ്യമായിട്ടുണ്ടോ; | (ബി) | ഉണ്ട്. |
| (സി) | സർവ്വകലാശാല വകുപ്പുകളെ ഉൽകൃഷ്ടപഠന കേന്ദ്രങ്ങളാക്കി (സെന്റർ ഓഫ് എക്സലൻസ്) ഉയർത്താൻ നടപടി ആരംഭിച്ചിട്ടുണ്ടോ? | (സി) | ഉണ്ട്. |

സെക്ഷൻ ഓഫീസർ